**വളരെ അടിയന്തിരം**
**സമയബന്ധിതം**
**(31.10.2016-ന് മുമ്പ്)**

"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ:ഇ7/27317/2016

ട്രെയിനിംഗ് ഡയറക്ടറേറ്റ്, KSHB,
ശാന്തി നഗർ, തിരുവനന്തപുരം-01,
തീയതി: 18.10.2016.

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-വിവിധ ഐ.ടി.ഐ.കളിൽ ഭരണാനുമതി നൽകിയിട്ടും പൂർത്തീകരിക്കാതെ തുടരുന്ന നിർമ്മാണ പ്രവൃത്തികൾ-വിശദവിവരം ശേഖരിക്കുന്നത്-സംബന്ധിച്ച്.

**********

ഐ.ടി.ഐ.കൾക്ക് ഓരോ സാമ്പത്തിക വർഷവും വിവിധ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതിയും, മൈനർ വർക്ക്/മോഡണൈസേഷൻ ശീർഷകത്തിൽ നിന്നും തുകയും അനുവദിച്ച് വരുന്നു. എന്നാൽ അനുമതി നൽകുകയും തുക കൈമാറുകയും ചെയ്തശേഷം നിശ്ചിത കാലാവധി കഴിഞ്ഞിട്ടും പ്രവൃത്തികൾ പലതും പൂർത്തിയാക്കാതെ തുടരുന്നു. ഈ ദു:സ്ഥിതി തുടരാൻ ഇനിയും കഴിയില്ല. ഈ വിഷയത്തിന്റെ ഗൗരവം ഗവൺമെന്റിനേയും സംസ്ഥാന ചീഫ് എഞ്ചിനീയറേയും (മറ്റ് ഏജൻസികളുടെ കാര്യത്തിൽ അതാതിന്റെ മേലധികാരികളേയും) ബോധ്യപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടേയും പ്രവൃത്തികൾ പെന്റിംഗായി കിടക്കുന്ന ഐ.ടി.ഐ.കളിലെ പ്രിൻസിപ്പാൾമാരുടേയും ഒരു സംയുക്ത യോഗം അടുത്ത മാസം ചേരുവാൻ തീരുമാനിച്ചിരിക്കുന്നു (വ്യക്തമായ തീയതി പുറകേ അറിയിക്കും). ടി യോഗത്തിൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തികളെക്കുറിച്ചും അതിനുള്ള കാരണങ്ങളെക്കുറിച്ചും വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതുള്ളതിനാൽ ടി വിവരങ്ങൾ ഐ.ടി.ഐ.കളിൽ നിന്നും വിശദമായി ശേഖരിക്കേണ്ടതുണ്ട്. ആയതിലേക്കായി തയ്യാറാക്കിയിട്ടുള്ള പട്ടിക ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു. ടി പട്ടിക പൂരിപ്പിച്ച് 31.10.2016-ന് മുമ്പ് ഈ ഓഫീസിൽ ലഭിക്കത്തക്കവിധം അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിവരം ലഭ്യമാക്കാത്ത ഐ.ടി.ഐ.കൾക്ക് ഭാവിയിൽ നിർമ്മാണ പ്രവൃത്തികൾക്കോ മെയിന്റനൻസ്കൾക്കോ അനുമതി നൽകുന്നതല്ലെന്ന വിവരം കൂടി അറിയിക്കുന്നു.

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

പ്രിൻസിപ്പാൾ
ഐ.ടി.ഐ/ബി.ടി.സി/ഏ.വി.ടി.എസ്/
ട്രെയിനിംഗ് ഓഫീസർ, ആർ.ഐ.സി.................

പകർപ്പ്: സ്പെഷ്യൽ ഓഫീസർ, SUIIT/ജോയിന്റ് ഡയറക്ടർ, കണ്ണൂർ/
ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ....................................... /
ജെ.എസ്. I/II (ട്രെയിനിംഗ് ഡയറക്ടറേറ്റ്) /സ്റ്റോക്ക് ഫയൽ (ഇ7)

ആർ.ഇ.19.10.16

## വ്യാവസായിക പരിശീലന വകുപ്പ്
### (കേരള സംസ്ഥാനം)

| മുടങ്ങിക്കിടക്കുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരം രേഖപ്പെടുത്തുവാനുള്ള പട്ടിക | | | | | | | | |
|---|---|---|---|---|---|---|---|---|
| ഐ.ടി.ഐ.യുടെ പേര്: | | | | | | | | |
| ഭരണാനുമതി ലഭിച്ച സാമ്പത്തിക വർഷം | ക്രമ നം. | പ്രവൃത്തിയുടെ സ്വഭാവം (Minor Work/Civil Work/ Electrification) | ഭരണാനുമതി ഉത്തരവ് നമ്പരും തീയതിയും | ഭരണാനുമതി ലഭിച്ച തുക (രൂപ) | ഭരണാനുമതി ലഭിച്ച ശീർഷകം | നിർമ്മാണ ഏജൻസിയുടെ പേര് (ഉദാ: PWD/നിർമ്മിതി/ ......) | പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ | പ്രവൃത്തിയെക്കുറിച്ച് മറ്റെന്തെങ്കിലും രേഖപ്പെടുത്തുവാനുണ്ടെങ്കിൽ അത് |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |
| | | | | | | | | |

പ്രിൻസിപ്പാൾ

NB: നിർമ്മാണ ഏജൻസികളിൽ നിന്നും Completion Certificate ലഭിച്ച പ്രവൃത്തികൾ ഒഴികെ, Completion Certificate ഇതേ വരെ ലഭിക്കാത്തതും, പണി പൂർത്തീകരിക്കാതെ തുടരുന്നതും, തുക (സിവിൽ വർക്കുകളുടെ കാര്യത്തിൽ ഭരണാനുമതി നൽകിയിട്ടും) നൽകിയിട്ടും ഇതേവരെ പണി ആരംഭിച്ചിട്ടില്ലാത്തതുമായ എല്ലാ പ്രവൃത്തികളും ഈ പട്ടികയിൽ രേഖപ്പെടുത്തേണ്ടതാണ്.